**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3042** **29-10-2026-ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ അനധ്യാപക തസ്തിക**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. അപു ജോൺ ജോസഫ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അനധ്യാപക തസ്തികകൾ ഏതൊക്കെയെന്നറിയിക്കാമോ;

**മറുപടി:** സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ, ലബോറട്ടറി അസ്സിസ്റ്റന്റ്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം മീനിയൽ എന്നീ അനധ്യാപക തസ്തികകളാണുള്ളത്.

**(ബി)** ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനധ്യാപക തസ്തികകൾ അവസാനമായി സൃഷ്ടിച്ചത് എന്നാണെന്നറിയിക്കാമോ;

**മറുപടി:** ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ അനധ്യാപക തസ്തികകൾ അവസാനമായി സൃഷ്ടിച്ചത് 15/03/2026-ൽ വയനാട് St.Rosellas's HSS for Speech and Hearing-ൽ ഒരു ലാബ് അസിസ്റ്റന്റ് തസ്തികയാണ്.

**(സി)** കഴിഞ്ഞ 25 വർഷമായി ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനധ്യാപക തസ്തിക സൃഷ്ടിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

**മറുപടി:** ഹയർ സെക്കൻഡറി വിദ്യാലയങ്ങളിൽ ബാച്ചുകൾ അനുവദിച്ച ശേഷം തസ്തികകൾ സൃഷ്ടിക്കുമ്പോൾ ആയതിനോടൊപ്പം അനധ്യാപക തസ്തികയായ ലാബ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കാറുണ്ട്. മറ്റ് അനധ്യാപക തസ്തികകൾ സ്കൂളുകളിൽ പൊതുവായി സൃഷ്ടിച്ച് ഉത്തരവായിട്ടില്ല. ഹയർ സെക്കന്ററി സ്കൂളുകളിൽ അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**